**930** ബാല്യകാലത്തിലെ നിൻ-സൃഷ്ടാവിനെ ഓർത്തുകൊൾകെൻ പ്രിയനേ!
ദുർദിവസങ്ങൾ നിനക്കണയാതെയും ഇഷ്ടമില്ലാക്കാലം വന്നു ചേരാതെയും

1 നല്ല വെളിച്ചമെങ്ങു-മകന്നു നീരുള്ള കാറിൻ നിരയാൽ
എല്ലാടവുമിരുണ്ടു നഭസ്സിനാലല്ലിനു തുല്യമായി
നല്ലതാം യൗവനശോഭനിലച്ചുടൻ വല്ലാത്ത വാർദ്ധക്യമേന്തുകിൽ ദുർഘടം

2 വീട്ടുകാവൽക്കു നിൽക്കും-പ്രധാനികൾ ഞെട്ടിവിറയ്ക്കുമന്നു
മുട്ടെക്കുനിഞ്ഞുപോകു-മുടൽ ബലപ്പെട്ടവരെൻ പ്രിയനേ!
മുട്ടനും സാധുവും ഭേദമെന്തൺപതിൽ ഇട്ടിടത്തങ്ങു കിടന്നു വലഞ്ഞുപോം

3 മുപ്പതും രണ്ടുമുണ്ട്-യുവാവിനു മുത്തിനോടൊത്ത ദന്തം
നാൽപതാകും വയസ്സിൽ കൊഴിഞ്ഞവ മിക്കതും തീർന്നുപോകും
ഡോക്ടർ പറിച്ചതും പട്ടതും-നീക്കിയാൽ ശിഷ്ടമേതാനുമുണ്ടൊട്ടും ഫലം വരാ

4 ജാലകത്തിങ്കലൂടെ-നോക്കുന്നവരാകെയന്ധീഭവിക്കും
വീഥിയിൻ നേരെയുള്ള-കതകുകളാകെയടഞ്ഞുപോകും-
ഭക്ഷ്യമരയ്ക്കുന്ന ശബ്ദം കുറയുമേ
പക്ഷികൾ തൻ ശബ്ദത്തിൽ വൃദ്ധനുണർന്നുപോം-

5 പാട്ടുകാരൊക്കെയയ്യോ-തളർന്നുപോം കേറ്റം ഭയപ്രദമാം
റോട്ടിലവിടവിടെ-ഭയത്തിനു ഹേതുവും സംഭവിക്കും
ബദാം മരം പൂത്തു ഭാരമായ് തീർന്നിടും ദീപനം നാസ്തിയാം

6 മർത്ത്യനോ ഭൂമിവിട്ടു-തനിക്കുള്ള നിത്യഗൃഹത്തിലേക്കു
യാത്ര ചെയ്യുന്നുടനെ-മരണത്തിൻ വാർത്തയും കൊണ്ടനേകർ
ദു:ഖഗാനം പാടി വീഥിയിലൊക്കവെ ചുറ്റിനടക്കുന്നു മറ്റെന്തു സാധ്യമാം-

7 വെള്ളിച്ചരടഴിയും-യഥാർത്ഥമായ് പൊന്നുങ്കിണ്ണം തകരും
ഊറ്റിലുടഞ്ഞുപോകും കുടം കിണറ്റിൽ തകരുന്നു ചക്രം
മണ്ണുടൻ ഭൂമിയിൽ ചേരുമാത്മാവതു നൽകിയ നാഥന്റെ ചാരത്തു പോയിടും-

8 നല്ലതും തീയതുമാം- പ്രവൃത്തികൾക്കുള്ള കണക്കവിടെ
തന്നുടെ ന്യായസഭ-യതിൽ കൊടുത്തീടണം മർത്യനന്നു
നന്നാരഹസ്യമായുള്ള ക്രിയകളും മന്നവൻ മുമ്പിൽ വരാതെ പോകാ ദൃഢം

9 മായയെന്നോതിടുന്നു-സമസ്തവും മായതാനെന്തു ഭേദം
ന്യായബുദ്ധിയുറച്ചു-തകർക്കുക മായയിൻ ദർശനത്തെ
ജ്ഞാനസൂര്യനുദിച്ചാനന്ദ രശ്മിയെ മാനസേ വീശണം മായ നീങ്ങാൻ സഖേ!

10 എല്ലാറ്റിനും ചുരുക്കം-ഉരച്ചിടാം വല്ലഭനെ ദിനവും
ഉള്ളിൽ ഭയന്നു തന്റെ-നിദേശങ്ങളെല്ലാമനുസരിച്ചാൽ
നല്ലതാം ലോകത്തിലല്ലലില്ലാതെ നാം എല്ലായ്പ്പോഴും വാണു തന്നെ സ്തുതിച്ചിടാം- **K.V.S.**